4824

കേരള സർക്കാർ

നം. 5450/ദേ.സ.പ.ബി.2/15/ധന

ധനകാര്യ (ദേ.സ.പ) വകുപ്പ്
തിരുവനന്തപുരം
തീയതി :19.01.2016

DIRECTORATE OF EMPLOYMENT AND TRAINING
16 FEB 2016
THIRUVANANTHAPURAM

പ്രേഷകൻ
ഡയറക്ടർ
ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ സർക്കാർവകുപ്പ്/പൊതുമേഖലാസ്ഥാപനങ്ങളുടെ മേലാധികാരികൾക്കും

സർ,

വിഷയം:- ദേശീയ സമ്പാദ്യ പദ്ധതി- ശമ്പള സമ്പാദ്യ പദ്ധതി ജീവനക്കാരുടെ വേതനത്തിൽ നിന്നും നേരിട്ട് ഈടാക്കി ഒടുക്കുന്നത്-സംബന്ധിച്ച്

നിശ്ചിത വരുമാനക്കാരായ ഉദ്യോഗസ്ഥൻമാർ, തൊഴിലാളികൾ എന്നിവരുടെ വേതനത്തിൽ നിന്നും അവർ അധികാരപ്പെടുത്തുന്ന ഒരു തുക മാസം തോറും പോസ്റ്റാഫീസിൽ ആവർത്തന നിക്ഷേപ പദ്ധതിയിലോ മറ്റ് ദേശീയ സമ്പാദ്യ പദ്ധതിയിലോ നിക്ഷേപിക്കുന്ന 'ശമ്പള സമ്പാദ്യ പദ്ധതി' ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് രൂപകല്പന ചെയ്തിട്ടുണ്ട്. ഇവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ മേലുദ്യോഗസ്ഥനെ രേഖാമൂലം ഇതിനായി ചുമതലപ്പെടുത്തേണ്ടതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് ജീവനക്കാരിൽ അവബോധം സൃഷ്ടിക്കുന്നതിനും നിക്ഷേപ സമാഹരണം ഊർജിതപ്പെടുത്തുന്നതിനുമുള്ള നടപടി കൈക്കൊള്ളണമെന്നും അഭ്യർത്ഥിക്കുന്നു.

നിലവിലുള്ള ദേശീയ സമ്പാദ്യ പദ്ധതികളെ സംബന്ധിച്ച ബ്രോഷർ (10 എണ്ണം) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് അതാത് ജില്ലയിലെ കളക്ടറേറ്റുകളിൽ പ്രവർത്തിക്കുന്ന ദേശീയ സമ്പാദ്യ പദ്ധതി ജില്ലാ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

പി.കെ. എലിസബത്ത്
ഡയറക്ടർ
ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്
R.S. Balan
സെക്ഷൻ ഓഫീസർ

KSHB, ശാന്തിനഗർ
TVM (1)

പുറത്തെഴുത്ത് നം. ബി/4824/16
തീയതി : 03/03/16

വകുപ്പ് അറിവിനും തുടർനടപടിക്കുമായി നൽകുന്നു
എല്ലാ സ്ഥാപനമേധാവികൾക്കും
(വെബ്സൈറ്റ് മുഖേന)

ഡയറക്ടർക്കുവേണ്ടി

കേരള സർക്കാർ

# ദേശീയ സമ്പാദ്യ പദ്ധതി

## നിങ്ങളുടെ നിക്ഷേപം

- ✓ സുരക്ഷിതം
- ✓ ആദായകരം

ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി
തിരുവനന്തപുരം